## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 110

13.12.2012- ൽ മറുപടിക്ക്

## കയർ ഗ്രാമം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.റ്റി.ബൽറാം<br>,, ബെന്നി ബെഹനാൻ<br>,, അൻവർ സാദത്ത്<br>,, ആർ.സെൽവരാജ് | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കയർഗ്രാമം പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ): കേരള കയറിനെ അതിന്റെ തനത് രീതിയിൽ അവതരിപ്പിക്കുന്നതിലേക്കായി ഒരു കയർ ഗ്രാമം രൂപീകരിക്കുക എന്നുള്ളതാണ് കയർ ഗ്രാമം പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. നാളികേരത്തിന്റെ ഉപോല്പന്നമായ തൊണ്ടിൽ നിന്നും ചകിരി വേർപ്പെടുത്തുന്നതു മുതൽ ആകർഷകങ്ങളായ വിവിധയിനം കയറുല്പന്നങ്ങൾ നിർമ്മിക്കുന്നതിലേക്കായി മനുഷ്യനിർമ്മിതവും യന്ത്രനിർമ്മിതവുമായ ഒട്ടനവധി പ്രക്രിയകൾ ആവശ്യമായിട്ടുണ്ട് ഈ പ്രക്രിയകൾ വിനോദ സഞ്ചാര മേഖലയുമായി ബന്ധപ്പെടുത്തി സഞ്ചാരികൾക്കായി ഈ ഗ്രാമത്തിൽ സജ്ജീകരിക്കുന്നതോടൊപ്പം കയറുല്പന്നങ്ങളുടെ വിപണനവും ഇതിലൂടെ ലക്ഷ്യമിടുന്നു. |
| (ബി) പ്രസ്തുത പദ്ധതി ഏതെല്ലാം ഏജൻസിയുമായി ചേർന്നതാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) കേന്ദ്ര സംസ്ഥാന സർക്കാരുകളും കയർ പൊതുമേഖല സ്ഥാപനങ്ങൾ, കയർ സഹകരണ സംഘങ്ങൾ, കയറ്റുമതിക്കാർ, സ്വകാര്യ സംരഭകർ തുടങ്ങി കയർ മേഖലയുമായി ബന്ധപ്പെട്ട എല്ലാ സ്റ്റേക്ക് ഹോൾഡേഴ്സിന്റെയും സഹകരണത്തോടു കൂടി നടപ്പാക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. |

| | |
|---|---|
| (സി)എവിടെയെല്ലാമാണ് ഇത് തുടങ്ങാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) ആലപ്പുഴ ജില്ലയിൽ തുടങ്ങണമെന്നാണ് ഉദ്ദേശിക്കുന്നത്. |
| ഡി) കയറുൽപ്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | ഡി) കയർ ഗ്രാമം പദ്ധതിയുടെ പ്രാരംഭ നടപടികൾ സ്വീകരിച്ചു വരികയാണ്. സ്ഥലം ലഭ്യമായി അതിനനുസരിച്ച് വ്യക്തമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയാൽ മാത്രമെ ഇതു സംബന്ധിച്ച് വിശദമായി പ്രതിപാദിക്കാൻ കഴിയുകയുള്ളൂ. എങ്കിലും ഉല്പന്നങ്ങൾ സ്വദേശ വിദേശ സഞ്ചാരികൾക്കും പരിചയപ്പെടുത്തി വിപണനം മെച്ചപ്പെടുത്തുക എന്നാണ് പൊതുവായി ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ